File No.EMC/85/2022-CRU2 (ADM)

പത്രക്കുറിപ്പ്

സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള റിസോർസ് പേഴ്സൺ മാർക്കുള്ള പരിശീലന പരിപാടിക്ക് അപേക്ഷ ക്ഷണിച്ചു എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള റിസോർസ് പേഴ്സൺ മാരെ തിരഞ്ഞെടുക്കുന്നതിനുള്ള പരിശീലന പരിപാടിക്ക് അപേക്ഷ ക്ഷണിച്ചു. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി 2022 മാർച്ച് മാസത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടത്തുന്നതാണ്. കുറഞ്ഞത് പ്ലസ് 2 അല്ലെങ്കിൽ തത്തുല്യ യോഗ്യതയും എനർജി/ എൻവയോൺമെന്റ് വിഷയങ്ങളിൽ താല്പര്യവും ഉള്ളവർക്ക് പങ്കെടുക്കാം. മുൻകാലങ്ങളിൽ ഇ എം സിയുടെ പരിശീലനപരിപാടിയിൽ പങ്കെടുത്തവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും ഇ എം സിയുടെ അംഗീകൃത റിസോർസ് പേഴ്സൺ ആയി അംഗീകരിച്ചുള്ള ഐഡന്റിറ്റി കാർഡും ലഭിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത/സ്റ്റൈപ്പെൻഡ് ലഭിക്കും പരിശീലന പരിപാടിക്ക് ഓൺലൈനായി രെജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് www.cedindia.org, www.keralaenergy.gov.in, www.emcurjakiran.in/ എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. താല്പര്യമുള്ളവർ 2022 ഫെബ്രുവരി 28 നു മുൻപ് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 7736042377 എന്ന നമ്പറിൽ ബന്ധപ്പെടുക.